# University of Calicut

## Directorate of Research

### PhD PQE July 2026- Exam registration

### General instructions

**Ref:Notification No.90778/EG-I-ASST-3/2019/PB dated. 16.07.2026**

► ജൂലൈ 2026 പി.എച്ച്.ഡി. പ്രാഥമിക യോഗ്യതാ പരീക്ഷയുടെ രജിസ്ട്രേഷൻ ലിങ്ക് 2026 ജൂലൈ 22 മുതൽ സ്റ്റുഡന്റ് പോർട്ടലിൽ ലഭ്യമാകും.

► 2026 ജൂലൈ 28 വരെ ഫൈൻ ഇല്ലാതെയും ജൂലൈ 31 വരെ 155 രൂപ ഫൈനോട് കൂടിയും അപേക്ഷിക്കാവുന്നതാണ്. പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ട ഗവേഷകരുടെ ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

► മുൻ സെമസ്റ്ററുകളിലെ പി.എച്ച്.ഡി. പ്രാഥമിക യോഗ്യതാ പരീക്ഷയിൽ പരാജയപ്പെട്ട ഗവേഷകർക്ക് Supplementary Registration Link സ്റ്റുഡന്റ് പോർട്ടലിൽ ലഭ്യമാക്കുന്നതാണ്.

► മുൻ സെമസ്റ്ററുകളിൽ Course Work പൂർത്തിയാക്കി Eligibility List-ൽ ഉൾപ്പെട്ടിരുന്നെങ്കിലും ബന്ധപ്പെട്ട PQE പരീക്ഷയ്ക്ക് ഹാജരാകാൻ സാധിക്കാത്ത ഗവേഷകരുടെയും, ഗവേഷണം ആരംഭിച്ച തീയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ Course Work പൂർത്തിയാക്കാൻ സാധിക്കാത്ത ഗവേഷകരുടെയും അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് സപ്ലിമെന്ററി രജിസ്ട്രേഷൻ അനുവദിക്കുന്നതാണ്.

► കോഴ്സ് വർക്ക് പൂർത്തിയാക്കിയ മുഴുവൻ ഗവേഷകരുടെയും 6 മാസത്തെ കോഴ്സ് വർക്ക് അറ്റന്റൻസ്, എലെക്റ്റിവ് വിഷയത്തിന്റെ പേര് എന്നിവ റിസർച്ച് സൂപ്പർവൈസർമാർ പോർട്ടലിൽ കോഴ്സ് വർക്ക് മെനുവിൽ രേഖപ്പെടുത്തേണ്ടതാണ്. കോഴ്സ് വർക്ക് മെനുവിൽ അല്ലാതെ രേഖപ്പെടുത്തുന്ന 'Monthly Attendance' പരീക്ഷയ്ക്ക് പരിഗണിക്കുന്നതല്ല.

**Course Work Attendance**

- Paper I- Research Methodology -96 hrs
- Paper II Elective- 96 hrs
- Paper III Research and Publication Ethics - 30 hrs

► ഓരോ പേപ്പറിലും കുറഞ്ഞത് 70% Attendance ഉള്ള ഗവേഷകർക്ക് മാത്രമേ പ്രാഥമിക യോഗ്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ.

► സ്റ്റുഡന്റ് പോർട്ടലിൽ ആദ്യമായി പ്രവേശിക്കുന്ന ഗവേഷകർ 'Sign Up' ചെയ്ത് ഒരു പാസ്‌വേഡ് സൃഷ്ടിച്ച ശേഷം 'Login' ചെയ്ത് തുടർ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

► പരീക്ഷാ രജിസ്ട്രേഷന് മുൻപ് ഗവേഷകർ സ്റ്റുഡന്റ് പോർട്ടലിൽ പി.ജി. ബിരുദ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്തിരിക്കണം.

► പരീക്ഷാ രെജിസ്ട്രേഷന് മുന്നോടിയായി സ്റ്റുഡന്റ് പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന വിവരങ്ങൾ പരിശോധിച്ച് അവയിൽ തെറ്റുകളില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം പരീക്ഷാ രജിസ്ട്രേഷൻ, ചോദ്യപേപ്പർ അനുവദിക്കൽ, ഫലപ്രഖ്യാപനം എന്നിവയിൽ തടസ്സം നേരിടാൻ സാധ്യതയുണ്ട്.

| | |
|---|---|
| 1.Name | 2.Address |
| 3.Phone Number | 4.E-mail ID |
| 5.Subject | 6.Faculty |
| 7.Research Centre | 8.Research Supervisor |
| 9.Ph.D. Programme Joining Date | 10.Course Work Attendance |

**പരീക്ഷാ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടിക്രമം**

- പരീക്ഷാ രജിസ്ട്രേഷൻ ലിങ്കിൽ പ്രവേശിക്കുക.
- പരീക്ഷ എഴുതേണ്ട പേപ്പറുകൾ തെരഞ്ഞെടുക്കുക.
- '**Show Fee**' ഓപ് ഷനിൽ ക്ലിക്ക് ചെയ്ത് പ്രദർശിപ്പിക്കുന്ന ഫീസ് തുക സ്ഥിരീകരിച്ച ശേഷം '**Pay Fee'** ഓപ് ഷൻ തെരഞ്ഞെടുത്ത് ഓൺലൈൻ പേയ്മെന്റ് പൂർത്തിയാക്കുക.
- ഇത് Post Payment Link ആയതിനാൽ, പേയ്മെന്റ് പേജിൽ തുക (Amount) എഡിറ്റ് ചെയ്യുകയോ 'Purpose' തിരഞ്ഞെടുക്കുകയോ ചെയ്യേണ്ടതില്ല.
- പേയ്മെന്റ് വിജയകരമായി പൂർത്തിയായാൽ പരീക്ഷാ രജിസ്ട്രേഷൻ പേജിലേക്ക് തിരിച്ചെത്തുന്നതാണ്.
- തുടർന്ന് 'Submit' ഓപ് ഷനിൽ ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- പേയ്മെന്റ് പേജിൽ 'Back' ഓപ് ഷൻ ഉപയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്, കാരണം ഇത് പരീക്ഷാ രജിസ്ട്രേഷൻ നടപടിക്രമം തടസ്സപ്പെടുത്താൻ ഇടയാക്കും.
- അപേക്ഷ സബ്മിറ്റ് ചെയ്ത കഴിഞ്ഞാൽ അപേക്ഷാ വിവരങ്ങൾ ഉൾപ്പെടുന്ന പ്രിന്റ് ഔട്ട് ലഭ്യമാകും. ഈ പ്രിന്റ് ഔട്ട് ഹാൾടിക്കറ്റ് ആയി പരിഗണിക്കുന്നതല്ല.
- രജിസ്ട്രേഷൻ സമയത്ത് ഏതെങ്കിലും പേപ്പർ തെരഞ്ഞെടുക്കാൻ വിട്ടുപോയാൽ, പിന്നീട് വിട്ടുപോയ പേപ്പർ മാത്രം തെരഞ്ഞെടുത്ത് അതിനുള്ള ഫീ അടച്ച് വീണ്ടും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

►Paper II (Elective) തിരഞ്ഞെടുക്കുന്നതിന് സാങ്കേതിക തടസ്സം നേരിടുന്ന പക്ഷം, താഴെപ്പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി dore@uoc.ac.in എന്ന വിലാസത്തിലേക്ക് ഇ-മെയിൽ അയയ്ക്കേണ്ടതാണ്.

- Name
- Register Number
- Subject
- Research Centre
- Phone Number

►2026 ആഗസ്റ്റ് 3 മുതൽ ഹാൾടിക്കറ്റ് സ്റ്റുഡന്റ് പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

► പരീക്ഷാ തീയതി പിന്നീട് പ്രത്യേകം വിജ്ഞാപനം ചെയ്യുന്നതാണ്.

►Paper II (Elective) പരീക്ഷ, ഉത്തരക്കടലാസുകളുടെ മൂല്യനിർണയം, Viva Voce എന്നിവ നടത്തുന്നതിനുള്ള പ്രത്യേക ഉത്തരവ് ബന്ധപ്പെട്ട Research Centre-കൾക്ക് പ്രത്യേകം നൽകുന്നതാണ്.

►'Review of Published Research in the Relevant Field' റിപ്പോർട്ടിന്റെ മൂല്യനിർണയം, Presentation, Viva Voce എന്നിവയും ഇതോടൊപ്പം തന്നെ നടത്തുന്നതാണ്.

► പി.എച്ച്.ഡി. കോഴ്സ് വർക്ക് , പ്രാഥമിക യോഗ്യതാ പരീക്ഷ (PQE) എന്നിവയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനുമായി DoR E Section-നെ ബന്ധപ്പെടാവുന്നതാണ്.

Phone: 0494 2407545 E-mail: dore@uoc.ac.in